വിവരാവകാശ മറുപടി

No. C2- 12910/17

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ്ഭവൻ, തിരുവനന്തപുരം
തീയതി: 02/03/2017
Email - swdkerala@gmail.com
Phone - 0471 - 2306040

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
അസിസ്റ്റന്റ് ഡയറക്ടർ
സാമൂഹ്യനീതി ഡയറക്ടറേറ്റ്
തിരുവനന്തപുരം

പ്രൊബേഷൻ ഓഫീസർ
തിരുവനന്തപുരം

സർ

വിഷയം:- സാമൂഹ്യ നീതി വകുപ്പ് – വിവരാവകാശ പ്രകാരമുള്ള അപേക്ഷ മറുപടി നൽകുന്നത് സംബന്ധിച്ച്.

സൂചന :- ശ്രീ. എ. എം സഫീറിന്റെ 20/02/2017 ലെ അപേക്ഷ

തിരുവനന്തപുരം സെൻട്രൽ ജയിൽ അന്തേവാസിയായ ശ്രീ. മുഹമ്മദ് റഷീദിനെ പറ്റിയുള്ള പ്രൊബേഷൻ റിപ്പോർട്ടും മറ്റ് വിവരങ്ങളും ലഭ്യമാക്കുന്നതിലേക്ക് സൂചന പ്രകാരം ശ്രീ. എ.എം സഫീർ അപേക്ഷ സമർപ്പിച്ചിരിക്കുന്നു. വിവരാവകാശ പ്രകാരമുള്ള പ്രസ്തുത അപേക്ഷയിൽ അടിയന്തിര തുടർ നടപടികൾ സ്വീകരിക്കുന്നതിലേക്കായി അപേക്ഷയുടെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. അപേക്ഷകന് മറുപടി നൽകേണ്ടതും ആയതിന്റെ പകർപ്പ് ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്.

വിശ്വസ്തതയോടെ,

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ
&അസിസ്റ്റന്റ് ഡയറക്ടർ

വിവരാവകാശം/മറുപടി

നം. C2- 12910/17

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ്ഭവൻ, തിരുവനന്തപുരം
തീയതി: 02/03/2017
Email - swdkerala@gmail.com
Phone - 0471 - 2306040

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
അസിസ്റ്റന്റ് ഡയറക്ടർ
സാമൂഹ്യനീതി ഡയറക്ടറേറ്റ്
തിരുവനന്തപുരം

എം. എം സഫീർ
ഷോപ്പ് ആന്റ് സേവ്
ശ്രീകാര്യം ജംഗ്ഷൻ
ശ്രീകാര്യം പി.ഒ
തിരുവനന്തപുരം

സർ,

വിഷയം:- സാമൂഹ്യ നീതി വകുപ്പ് – വിവരാവകാശ പ്രകാരമുള്ള അപേക്ഷ മറുപടി നൽകുന്നത് സംബന്ധിച്ച്.
സൂചന :- താങ്കളുടെ 20/02/2017 ലെ അപേക്ഷ

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിയ്ക്കുന്നു. ജയിൽ അന്തേവാസികളുടെ പ്രൊബേഷൻ റിപ്പോർട്ട് ലഭ്യമാക്കുന്നത് അതാത് ജില്ലയിലെ പ്രൊബേഷൻ ഓഫീസർമാരിൽ നിന്നാണ്. തിരുവനന്തപുരം സെൻട്രൽ ജയിൽ അന്തേവാസിയായ ശ്രീ. മുഹമ്മദ് റഷീദിന്റെ പ്രൊബേഷൻ റിപ്പോർട്ട് സ്വാഭാവികമായും ജയിൽ സൂപ്രണ്ട് പ്രൊബേഷൻ ഓഫീസറിൽ നിന്നായിരിക്കും ആവശ്യപ്പെട്ടിട്ടുള്ളത്. ആയതിനാൽ ഇത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുന്നതിനായി സൂചന അപേക്ഷ തിരുവനന്തപുരം പ്രൊബേഷൻ ഓഫീസർമാർക്ക് അയച്ചു നൽകിയിട്ടുണ്ട്. ജയിൽ അന്തേവാസി തിരുവനന്തപുരം ജില്ലയിലല്ല സ്ഥിരതാമസമെങ്കിൽ സ്ഥിരതാമസമുള്ള ജില്ലയിലെ പ്രൊബേഷൻ ഓഫീസറിൽ നിന്നുമാണ് റിപ്പോർട്ട് ലഭ്യമാക്കുന്നത്. അപേക്ഷയിൽ അന്തേവാസിയുടെ മേൽ വിലാസം വ്യക്തമല്ല. ആയതിനാൽ ശ്രീ. എ മുഹമ്മദ് റഷീദ്, തിരുവനന്തപുരം നിവാസി അല്ലാത്തപക്ഷം ബന്ധപ്പെട്ട ജില്ലയിലെ പ്രൊബേഷൻ ഓഫീസിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ
&അസിസ്റ്റന്റ് ഡയറക്ടർ